(സി) ഒഴൂർ പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ ആ പഞ്ചായത്തിലെ 34370 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) ഡി.ഇ.ആർ. പ്രകാരം ഈ പദ്ധതിയുടെ അടങ്കൽ തുക 1235 ലക്ഷം രൂപയാണ്.

മുന്നിയൂർ തേഞ്ഞിപ്പാലം ചേലമ്പ്ര ശുദ്ധജല വിതരണ പദ്ധതി

138 (1866) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ മുന്നിയൂർ തേഞ്ഞിപ്പാലം ചേലമ്പ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ഇംപ്രൂവ്മെന്റിനുള്ള പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ 12 പാക്കേജുകളായി തിരിച്ച് ഒരു പാക്കേജിന് വർക്ക് ഓർഡർ നൽകുകയും 8 പാക്കേജുകളുടെ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് പാക്കേജുകളുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധന അന്തിമഘട്ടത്തിലാണ്.

(ബി) പൊതുമരാമത്ത് വകുപ്പിലെ നിരക്ക് വർദ്ധനവ് നിലവിൽ വന്നതിനാൽ കരാറുകാരിൽനിന്നും മതിയായ ദർഘാസുകൾ ലഭിക്കുകയുണ്ടായില്ല. ഇതിനാൽ ഈ പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അനുമതി തേടേണ്ടതായും വന്നിട്ടുണ്ട്.

(സി) ഈ പദ്ധതി മാർച്ച് 2012-ന് മുമ്പായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ചെങ്ങന്നൂർ ജലസേചന പദ്ധതി

139 (1867) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഓഗ്മെന്റേഷൻ ഓഫ് അർബൻ വാട്ടർ സപ്ലൈസ് സ്കീം ചെങ്ങന്നൂർ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കീം പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്കീം പ്രാവർത്തികമാകുമ്പോൾ ചെങ്ങന്നൂർ നഗരത്തിലെ ഏതെല്ലാം പ്രദേശവാസികൾക്ക് പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്കീമിന്റെ സ്കെച്ച്, പ്ലാൻ എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) ചെങ്ങന്നൂർ അർബൻ വാട്ടർ സപ്ലൈസ് സ്കീം 2004-ൽ കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തിവരുന്നു. പുതിയ സ്കീമുകളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

കൊല്ലങ്കോട് മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

140 (1868) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലംകോട് മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ജലസേചന-കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും എത്രരൂപ വീതം ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ; ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാം ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെകീഴിൽ (ജലസേചനവും ഭരണവും) കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച എ, ബി പിരിവുകളുടെ മറുപടി ചുവടെ ചേർക്കുന്നു :

1. മുതലമട പഞ്ചായത്തിലെ ചെമ്മണം തോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-26.50 ലക്ഷം രൂപ.
2. കൊല്ലംങ്കോട് പഞ്ചായത്തിലെ വാഴപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 23.50 ലക്ഷം രൂപ.

വാട്ടർ അതോറിറ്റിയുടെകീഴിൽ കൊല്ലങ്കോട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച എ,ബി പിരിവുകളുടെ മറുപടി ചുവടെ ചേർക്കുന്നു :

1. കൊടുവായൂർ-പുതുനഗരം കുടിവെള്ള പദ്ധതി-993.41 ലക്ഷം രൂപ.
2. ത്രിതല പഞ്ചായത്ത് ഡെപ്പോസിറ്റ് പ്രവൃത്തികൾ-69 എണ്ണം - 105.30 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly